**പതിമൂന്നാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2407 19.03.2015-ൽ മറുപടിയ്ക്ക്

**<u>ആലപ്പുഴ വണ്ടാനം മെഡിക്കൽകോളേജിന്റെ വസ്തുവകകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജി.സുധാകരൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ വണ്ടാനം മെഡിക്കൽകോളേജിന് എത്ര ഏക്കർ വസ്തു ഉണ്ട്; വസ്തുവിന്റെ ഉടമസ്ഥാവകാശം ആരുടെ പേരിലാണ്; വസ്തുവിന്റെ ആധാരം ആരുടെ കസ്റ്റഡിയിലാണ്; വിശദവിവരങ്ങൾ നൽകാമോ; | (എ) | കേരളാ ഗവർണ്ണറുടെ പേരിൽ 162.02 ഏക്കർ വസ്തു ഉണ്ട്. സർക്കാർ വസ്തുവിന് ആധാരം ഇല്ല. |
| (ബി) | മെഡിക്കൽകോളേജ് കോമ്പൗണ്ടിനുള്ളിൽ ചില ഹിന്ദു സംഘടനകൾ ക്ഷേത്രം നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | മെഡിക്കൽകോളേജിന്റെ വസ്തുവകകൾ സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങളോ കേസുകളോ നിലവിലുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്.<br>1) പുന്നപ്ര വില്ലേജിലെ പഴയ സർവ്വേ നമ്പർ.49/6 ലെ മെഡിക്കൽ കോളേജ് വസ്തു ശ്രീ.കന്നേൽ വാസുദേവൻ മകൻ കമലൻ, അയാളുടേതാണെന്ന് വാദിക്കുന്നു. കേസ് നടന്നുകൊണ്ടിരിക്കുന്നു.<br>2) പുന്നപ്ര വില്ലേജിലെ പഴയ സർവ്വേ നമ്പർ 48/3 ലെ 88 സെന്റ് മെഡിക്കൽ കോളേജിന്റെ വസ്തു കുമാരൻ കുട്ടപ്പൻ പാട്ടം കിട്ടിയതെന്ന് വാദിക്കുന്നു. കേസ് നടന്നു കൊണ്ടിരിക്കുന്നു.<br>3) പുന്നപ്ര വില്ലേജിലെ പഴയ സർവ്വേ നമ്പർ 49/5 എ, 49/7 എ — എന്നിവയിലെ ഒരു ഏക്കറിലധികം സ്ഥലം മെഡിക്കൽ കോളേജിന്റെ തണ്ടപ്പേരിൽ കിടക്കുന്നത് ശ്രീ.ഹാമിദ് യാഫി, പുപ്പറമ്പിൽ, സിവിൽ സ്റ്റേഷൻ വാർഡ്, ആലപ്പുഴ എന്നയാൾ ടിയാളുടേതാണെന്ന് വാദിക്കുന്നു. ജില്ലാ കളക്ടറോടും തഹസീൽദാരോടും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ